# പറുദീസയിലെ കള്ളന്മാർ
## THIEVES IN PARADISE

**യേ**ശുവിനോടുകൂടെ ക്രൂശിക്കപ്പെട്ട രണ്ടു കള്ളന്മാരിൽ ഒരുവൻ യേശു തന്റെ രാജ്യത്തിൽ വരുമ്പോൾ അവനെയും കൂടെ ഓർത്തുകൊള്ളേണമേ എന്നു അഭ്യർത്ഥിച്ചു. അവൻ തന്നോടു കൂടെ പറുദീസയിലായിരിക്കു മെന്ന് യേശു അവന് ഉറപ്പു നൽകുകയും ചെയ്ത വസ്തുത നിങ്ങൾക്ക് അറിയാമോ? (ലൂക്കൊ. 23:42,43).

യേശുവും അവന്റെ അപ്പൊസ്തലന്മാരും ദേശവ്യാപകമായി നടത്തിയ ആവർത്തിച്ചുള്ള പ്രസംഗം മൂലം ഈ കള്ളനുൾപ്പെടെ ആളുകൾ പൊതു വിൽ വരാനിരിക്കുന്ന ഈ രാജ്യത്തെ സംബന്ധിച്ചു ഗ്രഹിച്ചിരുന്നു എന്ന് നിങ്ങൾക്ക്...?

പ്രത്യുത രാജ്യത്തിനു രണ്ടുവശങ്ങൾ ഉണ്ട് (1) അദൃശ്യമായ സ്വർഗ്ഗീ യവശം, അതായതു ക്രിസ്തുവും അവന്റെ കാന്തയായ സഭയെന്ന ചെറിയ ആട്ടിൻകൂട്ടവും (വെളി. 21:2; എഫെ. 5:23-32; ലൂക്കൊ. 12:32) അവളുടെ തോഴിമാരായ മഹാപുരുഷാരം (സങ്കീ. 45:14, 15; വെളി. 7:9-17; 19:9) (2) ദൃശ്യമായ ഭൗമീകവശം എന്നു വച്ചാൽ പുരാതന വീരന്മാരും യുവ വീരന്മാരും (എബ്രാ. 11:39,40; ഉല്പ. 13:14,15; അപ്പൊ. 7:5; മത്താ. 11:11; ലൂക്കൊ. 13:28-30) രാജ്യത്തിന്റെ പ്രജകളായ പൊതു ലോകവും (സങ്കീ. 37:9-11, 22,29,34; യെശ. 60:21; ആമോസ് 9:14,15) ഉൾപ്പെട്ടതാണ് എന്ന് നിങ്ങൾക്ക്...?

'നിന്റെ രാജ്യം വരേണമേ; നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെന്നവണ്ണം ഭൂമി യിലുമാകേണമേ' (ലൂക്കൊ. 11:3) എന്നു ശിഷ്യന്മാരെ പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചതിനാൽ തന്റെ രാജ്യം ഭാവിയിൽ ഭൂമിയിൽ സ്ഥാപിക്കപ്പെടേ ണ്ടതാണെന്ന് യേശു കാണിച്ചു കൊടുത്തതു നിങ്ങൾക്ക്....?

വേദപുസ്തകത്തിലെ പ്രവചനങ്ങളുടെ നിവൃത്തി ലോകവ്യാപകമായ നീതിയുടെയും സമാധാനത്തിന്റെയും ഭരണം വേഗം വരുമെന്നു കാണിക്കു ന്നു. (ദാനി. 2:35,44; 7:13,14,18,27; സെഖ. 14:9; ഹഗ്ഗാ. 2:7; എബ്രാ. 12:27, 28; യെശ. 9:6,7; 2:2-4; യിര. 3:17) എന്നത് നിങ്ങൾക്ക്.....?

ചിലർ ധരിച്ചിരിക്കുന്നതുപോലെ കള്ളൻ യേശുവിനോടു, തന്നെ സ്വർഗ്ഗത്തിലേയ്ക്കു കൊണ്ടുപോകണമെന്ന് ആവശ്യപ്പെട്ടില്ല എന്നുള്ളത് നിങ്ങൾക്ക്...?

അവരുടെ ക്രൂശീകരണ ദിവസത്തിലല്ല, പ്രത്യുത ഭാവിയിൽ ഒരവസ രത്തിൽ "നീ നിന്റെ രാജ്യത്തിൽ വരുമ്പോൾ" തന്നെ ഓർത്തു കൊള്ള ണമെന്നാണ് കള്ളൻ യേശുവിനോടപേക്ഷിച്ചതെന്ന് നിങ്ങൾക്ക്....?

അവന്റെ അഭിലാഷം നിറവേറുമെന്നും താൻ തന്റെ രാജ്യത്തിൽ വരു മ്പോൾ അവനെ ഓർത്തുകൊള്ളുമെന്നും കർത്താവ് തന്റെ മറുപടിയിൽ അവനു ഉറപ്പു നൽകി. അവൻ പറഞ്ഞു. "സത്യമായി (ആമേൻ, അതാ യതു അങ്ങനെ ഭവിക്കട്ടെ, എന്നു വച്ചാൽ നിന്റെ അപേക്ഷ അനുവദിച്ചി രിക്കുന്നു ഞാൻ ഇന്ന് നിന്നോടു പറയുന്നു, നീ എന്നോടു കൂടെ പറുദീ സയിൽ ഇരിക്കും എന്നത് നിങ്ങൾക്ക്....?

തോട്ടം എന്നർത്ഥമായ പറുദീസ എന്ന പദം താഴെ പറയുന്നവയെ

പരാമർശിക്കുന്നതിനായി വേദപുസ്തകത്തിൽ പ്രയോഗിച്ചിരിക്കുന്നു (1) 'ദൈവത്തിന്റെ തോട്ട'മായ ഏദനിലെ തോട്ടം (ഉല്പ. 2:8-15; യെഹ. 28:13) അതായതു പാപം ചെയ്യും മുൻപ് ആദാമും ഹവ്വയും വസിച്ചിരുന്ന പൂർണ്ണതയുടെ ഭവനം (2) സ്വർഗ്ഗത്തിലുള്ള ദൈവത്തിന്റെ വാസസ്ഥാനം (വെളി. 2:7) (3) ദൈവരാജ്യം സ്ഥാപിക്കപ്പെട്ട ശേഷം പാപത്തിന്റെയും മരണത്തിന്റെയും ശാപത്തിൽനിന്ന് ഉത്തരോത്തരം മോചനം പ്രാപിച്ചു കൊണ്ടിരിക്കുമ്പോഴും അതിനുശേഷവുമുള്ള ഭൂമി (വെളി. 22:1-3; ഉല്പ. 2:9, 10; 1 കൊരി. 15:26 ഇവ താരതമ്യപ്പെടുത്തുക). അതുമേൽക്കുമേൽ ഏദനിലെ തോട്ടംപോലെ ആയിത്തീരും (ദാനി. 2:35; യെഹ. 36:35) എന്നു വച്ചാൽ നഷ്ടപ്പെട്ട പറുദീസ വീണ്ടും കിട്ടിയ പറുദീസയായിത്തീരും. ആയതിനെയാണ് ദർശനങ്ങളിലും പ്രവചനങ്ങളിലും കാണിക്കപ്പെട്ടിരിക്കുന്ന പുതിയ ഭൂമി. അതിനോടുകൂടിയുള്ള പുതിയ ആകാശം കാണിക്കപ്പെടുന്നത് 'ഈ ലോകത്തിന്റെ ദൈവ'മായ (2 കൊരി. 4:4; ഗലാ. 1:4; എഫെ. 2:2) സാത്താന്റെ ആത്മീയ നിയന്ത്രണത്തിൽ നിന്നും ക്രിസ്തുവിന്റെ ആത്മീയ നിയന്ത്രണത്തിലേക്ക് കൊണ്ടുവരപ്പെടുന്നതത്രേ (2 കൊരി. 12:1-4; 2 പത്രൊ. 3:6,7,12,13; വെളി. 21:1-3).

വേദപുസ്തകത്തിൽ പ്രതിപാദിക്കുന്ന ഈ മൂന്നു പറുദീസകളിൽ ആദ്യത്തേതു ക്രിസ്തുവിന്റെ മരണത്തിനു വളരെ മുമ്പേ നാമാവശേഷമായി. മൂന്നാമത്തേതു വരാനിരിക്കുന്നതേയുള്ളൂ. തന്മൂലം ക്രിസ്തുവിന്റെ മരണകാലത്ത് രണ്ടാമത്തേതു മാത്രമാണ് സ്ഥിതി ചെയ്തിരുന്നത്. എന്നാൽ അവൻ തന്റെ മരണത്തിന്റെ മൂന്നു ദിവസത്തിനു ശേഷം താൻ അപ്പോഴും അവിടെ കയറിപ്പോയിട്ടില്ല എന്നു പറഞ്ഞു. (യോഹ. 20:17) പിന്നെയും 40 ദിവസം വരെ അവൻ അവിടേയ്ക്കു പ്രവേശിച്ചില്ല (അപ്പൊ. 1:3-11) എന്നുള്ളത് നിങ്ങൾക്ക്...?

തന്മൂലം ലൂക്കൊ. 23:43 പല വേദപുസ്തക വിവർത്തനങ്ങളിലും ചെയ്തിരിക്കുന്നതുപോലെ ഇന്ന് (റ്റുഡെ) എന്ന പദത്തിനു മുമ്പല്ല പിമ്പാണു കോമാ (അല്പവിരാമ ചിഹ്നം) വരേണ്ടത് എന്നത് നിങ്ങൾക്ക്...?

"ഞാൻ നിന്നോടു പറയുന്നു; ഇന്നു നീ എന്നോടു കൂടെ പറുദീസായിൽ ഇരിക്കും" എന്നവിധത്തിൽ ഇന്നു എന്നതിനു മുമ്പു അല്പവിരാമ ചിഹ്നം വയ്ക്കുന്ന പക്ഷം അതു ക്രിസ്തുവിനെ അസത്യവാദിയാക്കും. കാരണം അതിന്റെ അർത്ഥം അവരുടെ ക്രൂശീകരണത്തിന്റെ അതേ ദിവസം തന്നെ തന്നോടു കൂടെ ഇരിക്കുമെന്നു കള്ളന് അവൻ വാക്കു കൊടുത്തു എന്നാണ്. തിരുവെഴുത്തുകളിൽ നിന്നും അന്ന് അവൻ അവിടേയ്ക്ക് പോവുകയല്ല പ്രത്യുത അന്നേ ദിവസം അവന്റെ ആത്മാവിനെ മരണത്തിനു ഒഴുക്കിക്കളകയും (യെശ. 53:10,12) അവന്റെ പ്രാണൻ പാതാളത്തിൽ (ഹേഡീസ് - മരണാവസ്ഥ) അപ്പൊ. 2:30-32) ഇറങ്ങിപ്പോകയും ചെയ്യേണ്ടതാണെന്നും അവിടെ നിന്നു അവൻ മൂന്നാം നാളിനു മുമ്പു ഉയർപ്പിക്കപ്പെടുകയില്ലെന്നും അറിഞ്ഞിരിക്കെ ഇങ്ങനെ പറയുന്നത് സത്യവിരുദ്ധമാകുമായിരുന്നു (ലൂക്കൊ. 18:31-33), എന്നുള്ളത് നിങ്ങൾക്ക്......?

'ഞാൻ നിന്നോടു പറയുന്നു ഇന്ന്, നീ എന്നോടുകൂടെ പറുദീസയിലിരിക്കും' എന്ന മട്ടിൽ ഇന്ന് എന്ന പദത്തിനുശേഷം അല്പവിരാമചിഹ്നം വരുന്നപക്ഷം ഈ വിധത്തിലുള്ള വൈഷമ്യങ്ങളൊന്നുമില്ല (ഇംഗ്ലീഷ് ബൈബിൾ പരിശോദിക്കുക). കാരണം ഇതിന്റെ അർത്ഥം കള്ളന് ആ ദിവസം യേശു ഒരു വാഗ്ദാനം നല്കുന്നുവെന്നു മാത്രമാണ്. യേശു തന്റെ

രാജ്യത്തിൽ വരുമ്പോൾ മാത്രമാണ് ആ വാഗ്ദാനം നിറവേറുന്നത് എന്നുള്ള വസ്തുത നിങ്ങൾക്ക്....?

വായനക്കാരന്റെ സൗകര്യത്തിനായി വിവിധ വേദപുസ്തക പരിഭാഷകളിൽകൊടുത്തിരിക്കുന്ന അല്പവിരാമങ്ങളും മറ്റു ചിഹ്നങ്ങളും ദൈവ നിശ്വസ്തമായി വന്നതല്ല. കാരണം പുതിയ നിയമത്തിന്റെ ഗ്രീക്കുമൂല ത്തിലുള്ള കൈയ്യെഴുത്തുപ്രതികളിൽ അവ കാണുന്നില്ല. വാസ്തവത്തിൽ ക്രിസ്താബ്ദം ഒമ്പതാം നൂറ്റാണ്ടിനു മുൻപ് ചിഹ്നങ്ങളുടെ ഉപയോഗം കണ്ടുപിടിച്ചിരുന്നില്ല. അതുകൊണ്ട് ഇന്ന് എന്ന പദത്തിനു ശേഷമല്ല മുമ്പായിരിക്കണം അല്പവിരാമമെന്നു നിർബന്ധിക്കുന്ന യാതൊന്നും ദൈവത്തിന്റെ നിശ്വസ്ത ലിഖിതങ്ങളിൽ ഇല്ലാ എന്നത് നിങ്ങൾക്ക്....?

സ്വർഗ്ഗം എന്നത് ഒരുക്കപ്പെട്ട ജനത്തിനുവേണ്ടിയുള്ള ഒരു ഒരുക്കപ്പെട്ട സ്ഥലമാണ് (യോഹ. 14:1–3; 1 കൊരി. 2:9; എബ്രാ. 10:34; റോമ. 9:23,24) എന്നുവച്ചാൽ സ്വയത്തിനും ലോകത്തിനും മരിച്ചവരായി തങ്ങളുടെ ക്രൂശെടുത്തു കൊണ്ടു ക്രിസ്തുവിന്റെ ശിഷ്യന്മാരായിത്തീരുകയും (മത്താ. 16:24; ലൂക്കൊ. 14:26,27) വിശുദ്ധാത്മാവിനാൽ ഉല്പാദനം പ്രാപി ക്കുകയും (1 യോഹ. 5:1, 18; 1 പത്രൊ. 1:3; യോഹ. 3:3–8) തദനന്തരം ആത്മാവിന്റെ ഫലങ്ങളെ പുറപ്പെടുവിക്കുക, മരണമില്ലായ്മയും നിത്യ ജീവനും അന്വേഷിക്കുക എന്നിത്യാദി സൽപ്രവൃത്തികളിൽ ഉറ്റു നിന്നു കൊണ്ടു (റോമ. 2:7; ഗലാ. 5:22, 23; എബ്രാ. 12:41; യാക്കോ. 1:4; 2 പത്രൊ. 1:5–11) അവന്റെ കാൽച്ചുവടുകളെ വിശ്വസ്തതയോടെ പിന്തുടരുകയും ചെയ്യുന്നവർക്കു വേണ്ടിയത്രേ (1 പത്രെ. 2:21; 1 യോഹ. 2:6) എന്നത് നിങ്ങൾക്ക്....?

അവർ ചെയ്യുന്ന എല്ലാ തെറ്റുകൾക്കും ദൈവം കണക്കു ചോദിക്കു മെന്നും (മത്താ. 12:36; 1. തിമൊ. 5:24) അനുതാപത്തിനായി അവരോടു ആജ്ഞാപിക്കയും (അപ്പൊ. 17:30; 3:19) ചെയ്യുന്നു എന്ന് നിങ്ങൾക്ക്....?

കള്ളൻ അവന്റെ മരണവേളയിൽ സ്വന്തം പാപങ്ങളെ സംബന്ധിച്ചു യഥാർത്ഥമായ പശ്ചാത്താപവും ദൈവത്തിനുനേർക്കു ഭക്ത്യാദരവും പ്രക ടിപ്പിച്ചതിനെ കർത്താവു അഭിനന്ദിക്കയും (ലൂക്കൊ. 23:40, 41) ആ ഇരുണ്ട ദിവസം അവൻ അഭിലഷിച്ചത് കരുണാപൂർവ്വം അനുവദിച്ചു കൊടുക്കയും പറുദീസ സ്ഥാപിക്കപ്പെടുന്ന കാലത്ത് അവൻ തന്നോടുകൂടെ അതിൽ ആയിരിക്കുമെന്ന് ആശ്വാസജനകമായ ഉറപ്പു നൽകുകയും ചെയ്തു. പറു ദീസ എന്നത് രാജ്യത്തിന്റെ ഭൗമികവശമാണ്. കാരണം കള്ളന്റെ പശ്ചാ ത്താപം അവന്റെ മരണസമയത്തോടടുത്തായതിനാൽ രാജ്യത്തിന്റെ ആത് മീകമായ സ്വർഗ്ഗീയ വശത്തു സ്ഥാനം ലഭിക്കത്തക്കവിധം വേണ്ടത്ര ഒരു ക്കപ്പെടുന്നതിനുള്ള സമയം അനുവദിച്ചില്ല എന്നും നിങ്ങൾക്ക്....?

പശ്ചാത്തപിച്ച ഈ കള്ളൻ ഉൾപ്പെടെ രാജ്യത്തിന്റെ സ്വർഗ്ഗീയമോ ഭൗമീകമോ ആയ ഏതു ഭാവത്തിൽപ്പെട്ടവരായാലും മരണാവസരത്തിൽ അവർ തങ്ങളുടെ പ്രതിഫലം പ്രാപിക്കുമെന്നു ദൈവം വാഗ്ദാനം ചെയ്യു ന്നില്ല. പ്രത്യുത, അവർ മരണത്തിൽ നിദ്രകൊള്ളുമെന്നും (1 രാജാ. 2:10; ദാനി. 12:2; യോഹ. 11:11–14, 44; 1 കൊരി. 15:6, 18, 20; 1 തെസ്സ. 4:13–17). യേശുവിന്റെ രണ്ടാംവരവിന്റെ സമയത്തു പുനരുത്ഥാനത്തിൽ ഉണരു മ്പോൾ തങ്ങളുടെ പ്രതിഫലം പ്രാപിക്കുമെന്നും അവൻ കാണിച്ചു (യോഹ. 14:3; മത്താ. 16:27; ലൂക്കൊ. 14:14; 2 തിമൊ. 4:8; 1 പത്രൊ. 1:7, 13) എന്നും നിങ്ങൾക്ക്....?

ക്രിസ്തു തന്റെ രാജ്യത്തിൽ മടങ്ങി വരുമ്പോൾ പ്രതിഫലം അവന്റെ പക്കലുണ്ടായിരിക്കും (ലൂക്കൊ. 19:11, 12; വെളി. 22:12) ശവക്കല്ലറകളിൽ ഉള്ളവർ എല്ലാവരും അവന്റെ ശബ്ദം കേട്ടു പുറത്തുവരും – ചിലർ ജീവനായുള്ള പുനരുത്ഥാനത്തിലേക്കും ചിലർ ന്യായവിധിക്കായുള്ള പുനരുത്ഥാനത്തിലേക്കും എന്തെന്നാൽ നീതിമാന്മാരും നീതികെട്ടവരുമായ മരിച്ചവരുടെ പുനരുത്ഥാനമുണ്ടാകും (യോഹ. 5:28, 29; അപ്പൊ. 24:15) മെന്നും നിങ്ങൾക്ക്.....?

അപ്പോൾ യേശു പശ്ചാത്തപിച്ച കള്ളനെ ഓർക്കും. മുമ്പു ജീവനുവേണ്ടിയുള്ള പരിശോധന ഉണ്ടാകാതെപോയ നീതികെട്ടവരോടു കൂടെ അവൻ അവനെ ആദാമ്യമരണത്തിൽ നിന്ന് ഉണർത്തും. കാരണം അവന്റെ മരണം അവർക്കുവേണ്ടി കൂടെയാണ് (എബ്രാ. 2:9; 1 യോഹ. 2:2). ലോകത്തെ നീതിയിൽ ന്യായം വിധിക്കുകയും മുഴുവൻ ലോകവും ഒരു പറുദീസാ ആക്കിമാറ്റുകയും ചെയ്യുന്നതിനുള്ള (അപ്പൊ. 17:31; സങ്കീ. 96;98) സഹസ്രാബ്ദന്യായവിധി ദിവസത്തിലെ (2 പത്രൊ. 3:8) തന്റെ ലോകവാഴ്ചയിൽ (വെളി. 5:10; 20:4,6) അവൻ അവർക്ക് സത്യത്തെ സംബന്ധിച്ച പരിജ്ഞാനവും (1 തിമൊ. 2:4) ജീവനുവേണ്ടിയുള്ള പരിശോധനയും നൽകും. അവരിൽ ഇച്ഛിക്കുന്നവർക്കെല്ലാം (വെളി. 22:17) അപ്പോൾ തുറന്നു വരുന്ന വിശുദ്ധിയുടെ പെരുവഴിയിലൂടെ മാനുഷിക പൂർണ്ണതയിൽ എത്താം. അവർ സന്തോഷവും ആനന്ദവും പ്രാപിക്കും. ദുഃഖവും നെടുവീർപ്പും ഓടിപ്പോകും (യെശ. 35:8,10; 62:10). യോഗ്യരായി കാണപ്പെടുന്നവരെല്ലാം നിത്യജീവൻ അവകാശമാക്കും. സ്വർഗ്ഗത്തിലല്ല പ്രത്യുത, ഭൂമിയിലെ പറുദീസയിൽ (മത്താ. 25:31–46). അയോഗ്യന്മാർ നശിപ്പിക്കപ്പെടും (യെശ. 65:20; വെളി. 20:7–9; 21:8; സങ്കീ. 145:20) എന്നും നിങ്ങൾക്ക് അറിയാമോ?

ഭൂമിയിൽ നിത്യമായി അധികാരത്തിൽ വരാൻപോകുന്ന ക്രിസ്തുവിന്റെ നീതിയുള്ള ഭരണത്തെയും യഥാസ്ഥാപനവേലയേയും സംബന്ധിച്ചുള്ള വേദസത്യങ്ങളുടെ കൂടുതൽ പഠനത്തിലേക്കും ബൈബിൾ പഠനത്തിനാവശ്യമായ ലഘുലേഖകൾ, പുസ്തകങ്ങൾ, ബൈബിൾ സ്റ്റാൻഡാർഡ് മാസിക മുതലായവയ്ക്കും താഴെകാണുന്ന വിലാസത്തിൽ ഞങ്ങൾക്ക് എഴുതുക.

**Courtesy by: BIBLE STANDARD MINISTRIES - LHMM**
**1156 St. Matthews Road, Chester Springs, PA, 19425-2700, USA.**

| For English | For Malayalam |
|---|---|
| Bro. V. Vincent Jeyakumar<br>Representative of India<br>Bible Standard Ministries - LHMM<br>32-D, Dr. Solomon Complex<br>Near Railway Gate, Nazareth<br>Tamil Nadu, India - 628 617<br>Cell : 9894926629<br>Email:vincent.v31@gmail.com | Bro. Abraham Mathew<br>Bible Standard Ministries - LHMM<br>Kakkamparampil<br>Vakathanam. P.O<br>Kottayam Dist, Kerala<br>India - 686 538<br>Cell: 9847553988<br>Email : enjoymathew@gmail.com |